# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം
2011 ഒക്ടോബർ 18 ചൊവ്വ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -30)

മറുപടി നൽകുന്ന മന്ത്രിമാർ

വിദ്യാഭ്യാസ വകുപ്പുമന്ത്രി
റവന്യൂ വകുപ്പുമന്ത്രി
മരാമത്ത് വകുപ്പുമന്ത്രി
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി

## മൂന്നാറിൽ ഏറ്റെടുത്ത ഭൂമി

*391 ശ്രീ. എ.എം. ആരിഫ്
,, കെ.കെ. ജയചന്ദ്രൻ
,, ജി. സുധാകരൻ
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൂന്നാറിൽ ഏറ്റെടുക്കപ്പെട്ട ഭൂമിയുടെ കൃത്യമായ കണക്ക് എടുത്തിട്ടുണ്ടോ ; വിശദമാക്കാമോ;

(ബി) പ്രസ്തുത ഭൂമി ഏതു വിധത്തിൽ ഉപയോഗപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്;

(സി) ഇതു സംബന്ധിച്ച നയം എന്താണ്;

(ഡി) ഏറ്റെടുത്ത ഭൂമി വീണ്ടും അന്യാധീനപ്പെടാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

സ്വകാര്യസ്ഥാപനങ്ങൾക്ക് എൻ. ഒ. സി.

*392 ശ്രീ. ആർ. രാജേഷ്
,, എം. എ. ബേബി
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസരംഗം വാണിജ്യവൽക്കപ്പെടുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പട്ടിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ലാഭക്കൊതിയോടെ വിദ്യാഭ്യാസരംഗത്ത് പുതിയ സംരംഭങ്ങളുമായി വരുന്നവരെ പ്രോത്സാഹിപ്പിക്കുന്ന് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദ്യാഭ്യാസ വകുപ്പിന് കീഴിൽ എത്ര സ്വകാര്യ സ്ഥാപനങ്ങൾക്ക് എൻ. ഒ. സി. നൽകിയിട്ടുണ്ട് ; ഇതിൽ ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുണ്ടോ എന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് പദ്ധതികൾ</u>

*393 ശ്രീ. എം. പി. വിൻസെന്റ്
,, വി. ഡി. സതീശൻ
,, വി. പി. സജീന്ദ്രൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ;

(ബി) അതിനായി ഇൻഡ്യ കൺവെൻഷൻ ബ്യൂറോയുടെ മാതൃകയിൽ ഒരു ബ്യൂറോ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും രൂപീകരണവും സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) സംസ്ഥാനത്ത് എവിടെയായിരിക്കും ഈ ബ്യൂറോയുടെ ആസ്ഥാനമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>റബ്ബറൈസ്ഡ് ടാറിംഗ്</u>

*394 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.റ്റി.പി.യുടെ നേതൃത്വത്തിൽ കൂടുതൽ സംസ്ഥാന, ജില്ലാ റോഡുകൾ റബ്ബറൈസ്ഡ് ടാറിംഗ് നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇത്തരത്തിൽ പുനരുദ്ധരിക്കപ്പെടുന്ന റോഡുകളുടെ പരിചരണം ഏറ്റെടുക്കുന്നവരെക്കൊണ്ട് ചെയ്യിപ്പിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

മുസിരീസ് പൈതൃക ടൂറിസം പദ്ധതി

*395 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. എ സ്. ശർമ്മ
,, കെ. രാധാകൃഷ്ണൻ
,, കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുസിരീസ് പൈതൃക ടൂറിസം പദ്ധതി അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) ഭരണാനുമതി നൽകിയ ഏതെല്ലാം പ്രവൃത്തികൾ ഏതെല്ലാം ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; അവ ഓരോന്നും എന്ന് പൂർത്തിയാക്കാൻ കഴിയുമെന്നറിയിക്കുമോ;

(സി) ഇനിയും ഭരണാനുമതിക്കായി പരിഗണനയിലിരിക്കുന്ന പദ്ധതികൾ ഏതെല്ലാം ;

(ഡി) കേന്ദ്രാനുമതി ലഭിച്ച എല്ലാ പ്രവൃത്തികൾക്കും ഭരണാനുമതി നൽകിക്കഴിഞ്ഞിട്ടുണ്ടോ; ടെണ്ടർ വിളിച്ചെങ്കിലും അവാർഡ് ചെയ്തിട്ടില്ലാത്ത പ്രവൃത്തികൾ ഏതെല്ലാം; കാരണം വെളിപ്പെടുത്താമോ;

(ഇ) പ്രസ്തുത പദ്ധതിയുടെ കോ-ഓർഡിനേഷൻ കമ്മിറ്റി ഈ സർക്കാർ അധികാരമേറ്റശേഷം എത്ര തവണ കൂടുകയുണ്ടായി?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

<u>എലിവേറ്റഡ് ഹൈവേ പദ്ധതി</u>

*396 ശ്രീ. എളമരം കരീം
,, എം. എ. ബേബി
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ദേശീയപാതകൾക്ക് മുകളിലൂടെയും സമാന്തരമായും എലിവേറ്റഡ് ഹൈവേ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; പഠനം നടത്തുന്നതിന് ഏത് തലത്തിലാണ് തീരുമാനം എടുത്തിട്ടുള്ളത്;

(സി) ഏതെങ്കിലും ഏജൻസി ഇതു സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം നൽകുകയുണ്ടായോ; എങ്കിൽ എന്ത് നിർദ്ദേശം നൽകുകയുണ്ടായി;

(ഡി) കേരളത്തിലെ ദേശീയപാതയിൽ എലിവേറ്റഡ് ഹൈവേ പദ്ധതി ബി.ഒ.ടി. അടിസ്ഥാനത്തിൽ ചെയ്യുന്നതിന് മൊത്തം എന്തു തുക ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>ഗ്രീൻ ബിൽഡിംഗ് പദ്ധതി</u>

*397 ശ്രീ. എൻ. എ. നെല്ലിക്കുന്ന്
,, പി. ഉബൈദുള്ള
,, മഞ്ഞളാംകുഴി അലി
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രീൻ ബിൽഡിംഗ് പദ്ധതി വിശദമാക്കാമോ ;

(ബി) ഇത് സംബന്ധിച്ച കരടു നയം പ്രഖ്യാപിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(സി) പദ്ധതി വ്യാപകമാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>ജലസേചന പദ്ധതി പ്രദേശങ്ങളിലെ ടൂറിസം പദ്ധതികൾ</u>

*398 ശ്രീ. കെ. കെ. ജയചന്ദ്രൻ
,, എം. ചന്ദ്രൻ
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ കീഴിലുള്ള ഏതെല്ലാം പദ്ധതി പ്രദേശങ്ങളിലാണ് ടൂറിസം സാദ്ധ്യതകൾ ഉള്ളതെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഏതെങ്കിലും പദ്ധതി പ്രദേശങ്ങളുമായി ബന്ധപ്പെട്ട് ടൂറിസം സാദ്ധ്യതകൾ വികസിപ്പിക്കാനുള്ള നിർദ്ദേശം നിലവിലുണ്ടോ ; വിശദമാക്കാമോ ;

(സി) അവയിൽ ടൂറിസം ഡെസ്റ്റിനേഷനായി അംഗീകരിക്കപ്പെട്ടവ ഏതൊക്കെയാണ് ; ടൂറിസം ജലവിഭവ വകുപ്പധികൃതർ മുൻമന്ത്രിതലത്തിൽ നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ ടൂറിസം വികസനത്തിന് എന്തെല്ലാം കാര്യങ്ങളിൽ തീരുമാനം എടുത്തിട്ടുണ്ടായിരുന്നു ; അവ നടപ്പിലാക്കി വരുന്നുണ്ടോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>വ്യവസായപരിശീലന കേന്ദ്രങ്ങൾ കാലോചിതമായി പരിഷ്കരിക്കാൻ നടപടി</u>

*399 ശ്രീ. സി. പി. മുഹമ്മദ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, റ്റി. എൻ. പ്രതാപൻ
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗക്കാർക്കുളള വ്യവസായപരിശീലനകേന്ദ്രങ്ങളും അപ്രന്റീസ് പരിശീലനപരിപാടികളും മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുളളത്;

(ബി) ഈ കേന്ദ്രങ്ങളിലെ സുപ്രധാന ട്രേഡുകൾ നിലനിർത്തി ജോലി സാദ്ധ്യത കുറഞ്ഞ കാലോചിതമല്ലാത്തവമാറ്റി പുതിയ ട്രേഡുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) വ്യവസായ പരിശീലന കേന്ദ്രങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് സാധാരണക്ലാസ്സ് സമയത്തിനുശേഷം ഫീസ് ഈടാക്കാതെ പ്രത്യേക പരിശീലനം നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

## 18.10.2011-ലെ മറുപടിക്ക്

<u>തോട്ടങ്ങളുടെ അഞ്ചു ശതമാനം ഭൂമി ടൂറിസം ആവശ്യങ്ങൾക്ക് മാറ്റാൻ നടപടി</u>

*400

ശ്രീ. പി. കെ. ഗുരുദാസൻ
,, രാജു എബ്രഹാം
,, സാജു പോൾ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തോട്ടങ്ങളുടെ അഞ്ചു ശതമാനം ഭൂമി ടൂറിസം ആവശ്യങ്ങൾക്കും മറ്റുമായി തരം മാറ്റാൻ അനുമതി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച നയം വിശദമാക്കാമോ;

(ബി) എത്ര തോട്ടംഉടമകളിൽ നിന്ന് ഇതിനകം ഈ ആവശ്യത്തിലേക്ക് അപേക്ഷ ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) സംസ്ഥാനത്ത് തോട്ടം എന്ന നിലയിൽ പരിഗണിക്കുന്ന എത്ര ഏക്കർ ഭൂമി ഉണ്ട് ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>അളവുതൂക്ക പരിശോധന</u>

*401 ശ്രീ. കെ. വി. വിജയദാസ്
,, ഇ. പി. ജയരാജൻ
,, ബി. ഡി. ദേവസ്സി
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അളവുതൂക്ക പരിശോധന സ്വകാര്യമേഖലയ്ക്ക് നൽകാനുള്ള കേന്ദ്രനിർദ്ദേശം സംസ്ഥാനത്തെ എങ്ങനെ ബാധിക്കുമെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) കേന്ദ്രത്തിന്റെ പ്രസ്തുത നിർദ്ദേശം പെട്രോൾ പമ്പുകളിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിനെ പ്രതികൂലമായി ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(സി) ഏതെല്ലാം മേഖലകളാണ് സ്വകാര്യ ഏജൻസികൾക്ക് നൽകുന്നതിന് കേന്ദ്രം നിർദ്ദേശിച്ചത്; വിശദമാക്കാമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

ഓഫീസുകളുടെ നവീകരണം

*402 ശ്രീ. പി. എ. മാധവന്‍
,, സി. പി. മുഹമ്മദ്
,, പാലോട് രവി
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളുടെ നവീകരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓഫീസുകള്‍ ആധുനിക ഇലക്ട്രോണിക് ഉപകരണങ്ങളുടെ സഹായത്തോടെ നവീകരിക്കുവാനും ഇന്റര്‍നെറ്റ് വഴി ബന്ധിപ്പിക്കുവാനും നടപടി സ്വീകരിക്കുമോ;

(സി) ഇതിനായി എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ

## 18.10.2011-ലെ മറുപടിക്ക്

<u>ന്യൂ റോഡ് ഡവലപ്മെന്റ് പദ്ധതി</u>

*403 ശ്രീ. വർക്കല കഹാർ
,, എ. റ്റി. ജോർജ്
,, ഐ. സി. ബാലകൃഷ്ണൻ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂ റോഡ് ഡവലപ്മെന്റ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി എത്രകോടി രൂപയാണ് നീക്കി വച്ചിട്ടുള്ളത് ;

(സി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ഡി) ഈ പദ്ധതി എന്ന് നടപ്പാക്കാനാകും?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

പ്രീപ്രൈമറി പഠനത്തിന് ഏകീകൃത സിലബസ്

*404 ശ്രീ. കെ. എൻ. എ. ഖാദർ
,, പി. ബി. അബ്ദുൾ റസാക്
,, വി. എം. ഉമ്മർ മാസ്റ്റർ
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രീപ്രൈമറി സ്കൂളുകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത് ;

(ബി) അടിസ്ഥാന സൗകര്യംപോലും ഏർപ്പെടുത്താതെ പ്രവർത്തിക്കുന്ന പ്രീപ്രൈമറി സ്ഥാപനങ്ങൾ വിവേചനരഹിതമായി ഫീസ് ഈടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇവയ്ക്ക് ഏകീകൃതമായ ഒരു സിലബസ് ഇല്ലാത്തതുമൂലം പരസ്പര മത്സരത്തിന്റെ ഭാഗമായി കൊച്ചുകുട്ടികളിൽ അമിത പഠനഭാരം അടിച്ചേല്പിക്കുന്ന ഗുരുതരപ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി കൈക്കൊള്ളുമോ ;

(ഡി) പ്രീപ്രൈമറി വിദ്യാഭ്യാസ കാര്യത്തിൽ കുട്ടികളുടെ പ്രായപരിധിക്കനുസരിച്ച് ബോധനത്തിന് ഒരു ഏകീകൃത സിലബസ് നിശ്ചയിച്ച് അത് കർശനമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>തുടർവിദ്യാഭ്യാസ പരിപാടി</u>

*405 ശ്രീ. എ.റ്റി. ജോർജ്
,, വി.ഡി. സതീശൻ
,, എ.പി. അബ്ദുള്ളക്കുട്ടി
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാക്ഷരതാമിഷൻ അതോറിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(ബി) തുടർവിദ്യാഭ്യാസ പരിപാടി ഏതെല്ലാം ഏജൻസി വഴിയാണ് നടപ്പിലാക്കുന്നത് ;

(സി) പുതുതായി രൂപീകരിച്ച സംസ്ഥാന പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) തുടർവിദ്യാഭ്യാസ പരിപാടി കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

റോഡ് സംരക്ഷണ നിയമം

*406 ശ്രീ. ബെന്നി ബെഹനാൻ
,, പാലോട് രവി
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡുകൾ നശിപ്പിക്കുവാൻ ശ്രമിക്കുന്നവരെ കുറ്റക്കാരായി കാണുവാനും അത്തരക്കാരെ ശിക്ഷിക്കാനുമുള്ള വ്യവസ്ഥകൾ നിലവിലുള്ള നിയമങ്ങളിൽ ഉണ്ടോ;

(ബി) എങ്കിൽ ഈ വ്യവസ്ഥകൾ പ്രകാരം കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ;

(സി) നിലവിലുള്ള വ്യവസ്ഥകൾ അപര്യാപ്തമെന്ന് തോന്നുന്നു എങ്കിൽ റോഡ് സംരക്ഷണ നിയമത്തിൽ മാറ്റം വരുത്തുവാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>കായൽ ടൂറിസം</u>

*407 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, റ്റി. എൻ. പ്രതാപൻ
,, വർക്കല കഹാർ
,, വിറ്റി.ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായൽ ടൂറിസം വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ;

(ബി) പ്രസ്തുത പദ്ധതികൾക്ക് എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത് ;

(സി) പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) പദ്ധതി നടപ്പാക്കുമ്പോൾ പുതിയൊരു കായൽസഞ്ചാര പഥത്തിന് രൂപം നൽകുമോ ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

<u>വിദ്യാർത്ഥികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ</u>

*408 ശ്രീ. സണ്ണി ജോസഫ്
,, പാലോട് രവി
,, ലൂഡി ലൂയിസ്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ വിദ്യാർത്ഥികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) ഇൻഷ്വറൻസ് പരിരക്ഷ മുഖേന എന്തെല്ലാം പ്രയോജനങ്ങളാണ് വിദ്യാർത്ഥികൾക്ക് ലഭിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി എന്നുമുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ ഭൂമി പതിച്ചുനല്‍കുന്നതിന് മാനദണ്ഡം</u>

*409 ശ്രീ. വി. ശിവന്‍കുട്ടി
,, പി. ശ്രീരാമകൃഷ്ണന്‍
,, സി.കെ. സദാശിവന്‍
,, കെ. ദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ ഭൂമി പതിച്ചു നല്‍കുന്നത് സംബന്ധിച്ച് പുതിയ മാനദണ്ഡങ്ങള്‍ നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നിലവിലുണ്ടായിരുന്ന പാട്ടകരാറുകള്‍ എല്ലാം പുതിയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തില്‍ റദ്ദായിട്ടുണ്ടോ;

(സി) പുതിയ മാനദണ്ഡങ്ങള്‍ നിലവില്‍ വന്നതിനുശേഷം റവന്യൂ വകുപ്പിന് ലഭിച്ച അപേക്ഷകളില്‍ എത്ര കേസുകളില്‍ ഭൂമി പാട്ടത്തിന് നല്‍കുകയുണ്ടായി?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>ഗവണ്‍മെന്റ് എഞ്ചിനീയറിംഗ് കോളേജുകള്‍ക്ക്
സ്വയംഭരണാവകാശം</u>

*410 ശ്രീ. കെ. സുരേഷ് കുറുപ്പ്
,, കോടിയേരി ബാലകൃഷ്ണന്‍
ഡോ. കെ. ടി. ജലീല്‍
ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ എഞ്ചിനീയറിംഗ് കോളേജുകള്‍ക്ക് സ്വയംഭരണാവകാശം നല്‍കാന്‍ ഉദ്ദേശിക്കുന്നുണ്ടോ; കാരണം വ്യക്തമാക്കാമോ;

(ബി) ഇതുവഴി യു.ജി.സി. അടക്കമുള്ള ഫണ്ടിംഗ് ഏജന്‍സികളുടെ പണം നേരിട്ട് ഉദ്യോഗസ്ഥരുടെ കൈകളിലെത്തുമെന്നുള്ള കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) വിദ്യാര്‍ത്ഥി സംഘടനകള്‍ക്ക് ഈ തീരുമാനത്തോട് എതിര്‍പ്പുള്ള കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

സർവകലാശാലാ പരീക്ഷകളുടെ ഫലം

*411 ശ്രീ. ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ സർവകലാശാലകളിൽ എം.ബി.എ, ബി.ടെക് ഉൾപ്പെടെയുള്ള വിവിധ കോഴ്സുകളുടെ പരീക്ഷാ ഫലം സമയബന്ധിതമായി പ്രഖ്യാപിക്കാത്തതുമൂലം തൊഴിലന്വേഷകർക്ക് നേരിടേണ്ടി വരുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പരീക്ഷാ തീയതിക്കൊപ്പം പരീക്ഷാ ഫലം പ്രസിദ്ധീകരിക്കുന്ന തീയതിയും പ്രഖ്യാപിക്കുവാനും പരീക്ഷാഫലം പ്രസിദ്ധീകരിച്ചാലുടൻ സർട്ടിഫിക്കറ്റ് നൽകാനും നടപടി സ്വീകരിക്കുമോ ;

(സി) പ്രത്യേകം ഫീസടക്കുന്നവർക്ക് ജോലി സംബന്ധമായ ആവശ്യങ്ങൾക്കായി അതിവേഗം പരീക്ഷാഫലവും മാർക് ലിസ്റ്റും നൽകാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ നിയന്ത്രണം</u>

*412 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' സി. പി. മുഹമ്മദ്
'' കെ. ശിവദാസൻ നായർ
'' എം. എ. വാഹിദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായ ക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങൾ വിവിധ വകുപ്പുകളുടെ കീഴിലാകുന്നതുകൊണ്ട് ടൂറിസം വികസനത്തിന് ബുദ്ധിമുട്ടു നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ പൂർണ്ണ നിയന്ത്രണം ടൂറിസം വകുപ്പിനു കീഴിലാക്കാനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(സി) ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ കെട്ടിടനിർമ്മാണ നിയമം ഇതു വഴി മറികടക്കാൻ കഴിയുമോ;

(ഡി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>നാറ്റ്പാക്കിന്റെ പഠന റിപ്പോർട്ട്</u>

*413

ശ്രീ. പി. ഉബൈദുള്ള
,, എൻ. എ. നെല്ലിക്കുന്ന്
,, മഞ്ഞളാംകുഴി അലി
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിയോജക മണ്ഡലാടിസ്ഥാനത്തിൽ പൊതുമരാമത്ത് സെക്ഷൻ ഓഫീസുകൾ പുന:ക്രമീകരണം നടത്തുന്നത് സംബന്ധിച്ച് നാറ്റ്പാക് പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് നാറ്റ്പാകിന്റെ പ്രധാന പഠന വിഷയങ്ങൾ എന്തെല്ലാമായിരുന്നു;

(സി) പഠനം നടത്തി നാറ്റ്പാക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന്മേൽ എന്തെല്ലാം അനന്തര നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>കമ്പ്യൂട്ടർ അധിഷ്ഠിത വിദ്യാഭ്യാസം</u>

*414 ശ്രീ. വി. റ്റി. ബൽറാം
,, രമേശ് ചെന്നിത്തല
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കമ്പ്യൂട്ടർ ഉപയോഗം സാർവ്വത്രികമായ പശ്ചാത്തലത്തിൽ കമ്പ്യൂട്ടർ അധിഷ്ഠിത വിദ്യാഭ്യാസത്തിനും, ബോധന രീതികൾക്കും കൂടുതൽ പ്രാധാന്യം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) വിദ്യാർത്ഥികൾക്ക് കുറഞ്ഞ വിലയ്ക്ക് കമ്പ്യൂട്ടർ ലഭ്യമാക്കുന്നതിനുള്ള പദ്ധതിയെക്കുറിച്ച് ആലോചിക്കുമോ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>അളവു തൂക്ക ഉപകരണങ്ങളുടെ പരിശോധന</u>

*415 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, വി. എസ്. സുനിൽ കുമാർ
,, കെ. അജിത്
,, ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂ **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അളവു തൂക്ക ഉപകരണങ്ങളുടെ പരിശോധന സ്വകാര്യവൽക്കരിക്കാൻ കേന്ദ്രം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) പരിശോധനാ കേന്ദ്രങ്ങൾ തുടങ്ങാൻ സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ലൈസൻസ് നേടാനുള്ള ചട്ടങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) കേന്ദ്ര ഉപഭോക്തൃ കാര്യ വിഭാഗത്തിന്റെ വിജ്ഞാപന പ്രകാരമുള്ള തരം തിരിവ് എങ്ങിനെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത ചട്ടങ്ങളിൽ പറയുന്ന ഫീസ് നിരക്കുകൾ ഓരോ ഇനത്തിലും എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ ;

(ഇ) പ്രസ്തുത സ്വകാര്യവൽക്കരണം മൂലം സംസ്ഥാനത്തിന് എന്തു നഷ്ടമുണ്ടാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

എൻജിനീയറിംഗ് സയൻസ് ആന്റ് ടെക്നോളജി റിസർച്ച് പാർക്ക്

*416 ശ്രീ. കെ. ശിവദാസൻ നായർ
,, വർക്കല കഹാർ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൗലിക ഗവേഷണവും പ്രയുക്ത ഗവേഷണവും പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി എൻജിനീയറിംഗ് സയൻസ് ആന്റ് ടെക്നോളജി റിസർച്ച് പാർക്ക് സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) സംസ്ഥാനത്ത് എവിടെയാണ് ഇതു സ്ഥാപിക്കാനുദ്ദേശിക്കുന്നത് ;

(ഡി) ഇതിന് എന്തു തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

<u>എഞ്ചിനീയറിംഗ് പ്രവേശനവും നോർമലൈസേഷൻ രീതിയും</u>

*417 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എഞ്ചിനീയറിംഗ് പ്രവേശനത്തിന് നിലവിൽ അവലംബിക്കുന്ന നോർമലൈസേഷൻ രീതിയിൽ സി.ബി.എസ്.ഇ-ഐ.സി.എസ്.ഇ കുട്ടികൾക്ക് തുല്യ അവസരവും നീതിയും നിഷേധിക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫിസിക്സ്, മാത്സ്, കെമിസ്ട്രി വിഷയങ്ങളിൽ മുഴുവൻമാർക്കും (100/100) നേടിയ സിബി.എസ്.ഇ-ഐ.സി.എസ്.ഇ സിലബസിലുള്ള ഒരു കുട്ടിക്ക് നോർമലൈസേഷന് ശേഷം ഇപ്പോഴത്തെ സാഹചര്യത്തിൽ ഈ വിഷയങ്ങളിൽ എത്രമാർക്ക് വീതം ലഭിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) മുഴുവൻ മാർക്കും (100/100) അതേപടി നോർമലൈസേഷന് ശേഷം നിലനിർത്താനാവില്ലെന്ന പരാതി പരിശോധിക്കുമോ;

(ഡി) എങ്കിൽ നോർമലൈസേഷൻ രീതിയിൽ അപാകതകളുണ്ടെങ്കിൽ അതു പരിഹരിക്കുന്നതിനും എല്ലാ സ്കീമിലുള്ള കുട്ടികൾക്കും തുല്യ നീതിയും അവസരവും ഒരുക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ;

(ഇ) ഇതിനായി ഒരു വിദഗ്ദ്ധ സമിതിയെ നിയമിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

ഡിഗ്രിതല സെമസ്റ്റർ സമ്പ്രദായം

*418 ഡോ. എൻ. ജയരാജ്
ശ്രീ. മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതൊക്കെ സർവ്വകലാശാലകളിൽ ഡിഗ്രിതലത്തിൽ സെമസ്റ്റർ സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്;

(ബി) ഡിഗ്രി സെമസ്റ്റർ സമ്പ്രദായം പഠനത്തെ എങ്ങനെ ഗുണപരമായി സ്വാധീനിക്കുന്നു എന്ന് വ്യക്തമാക്കാമോ;

(സി) എല്ലാ സർവ്വകലാശാലകളിലും ഡിഗ്രി സെമസ്റ്റർ സമ്പ്രദായം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.10.2011-ലെ മറുപടിക്ക്

### പരിസ്ഥിതി സൗഹൃദ കെട്ടിടനിർമ്മാണ വിദ്യ

*419 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
'' റ്റി. എ. അഹമ്മദ് കബീർ
'' പി. കെ. ബഷീർ
'' കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി സൗഹൃദ കെട്ടിടനിർമ്മാണ സാങ്കേതികവിദ്യ സംസ്ഥാനത്തെ സർക്കാർ കെട്ടിടങ്ങളുടെ നിർമ്മിതിയിൽ ഉപയോഗപ്പെടുത്താൻ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തെ സജ്ജമാക്കുന്നതിനു സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പരമ്പരാഗത നിർമ്മാണ രീതിയിൽ നിന്ന് മാറി ആധുനിക കാഴ്ചപ്പാടും ഗ്രീൻ ടെക്നോളജിയും ഉപയോഗപ്പെടുത്താൻ ഈ വകുപ്പിലെ സാങ്കേതിക വിദഗ്ദ്ധർക്ക് പരിശീലനമെന്തെങ്കിലും നല്കിയിട്ടുണ്ടോ;

(സി) പരമ്പരാഗത കെട്ടിടസാമഗ്രികളുടെ ലഭ്യതക്കുറവു പരിഹരിക്കാൻ ഉതകുന്ന പകരം സംവിധാനം കണ്ടെത്തുന്നതിനുള്ള ഗവേഷണ പരിപാടികൾ വകുപ്പിൽ നടക്കുന്നുണ്ടോ;

(ഡി) ബലത്തിലും, ഭംഗിയിലും കുറവു വരാതെ കെട്ടിട നിർമ്മാണച്ചെലവു കുറയ്ക്കാൻ ഉപയുക്തമായ പുതിയ നിർമ്മാണ ശൈലി വികസിപ്പിക്കാനുള്ള എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ;

(ഇ) നടപ്പുവർഷം വകുപ്പ് ഏറ്റെടുത്തിട്ടുള്ള പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾ ഏതെല്ലാമെന്നതിന്റെ വിശദാംശം നല്കാമോ?

# കേരള നിയമസഭ
# 18.10.2011-ലെ മറുപടിക്ക്

<u>ടൂറിസം മേഖലയുടെ വളർച്ച</u>

*420 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്നതിനായി സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) വിവിധതരം ടൂറിസം മേഖലകളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പാക്കേജ് വികസിപ്പിച്ചെടുക്കുന്നത് സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ;

(സി) ടൂറിസത്തിന് വൻസാധ്യതയുള്ള വയനാട്, ഇടുക്കി ജില്ലകൾക്കായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. രാജൻ,
തിരുവനന്തപുരം സെക്രട്ടറി
2011 ഒക്ടോബർ 9.